പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1889 — 04.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ഡ്യൂട്ടി സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ കെ.എസ്.ആർ.ടി.സി.യിൽ ഡ്യൂട്ടി സമ്പ്രദായത്തിൽ ലൈൻഡ്യൂട്ടിക്കാരായ കണ്ടക്ടർക്കും ഡ്രൈവർമാർക്കും 1 1/2, 1 1/4, 1 3/4 എന്നീ നിലയിൽ പരിഷ്കരിച്ച ഡ്യൂട്ടികൾ എത്ര നാൾ ലഭ്യമാക്കിയിരുന്നു; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ജീവനക്കാരുടെ മാനവവിഭവശേഷി പൂർണ്ണമായും കൂടുതൽ കാര്യക്ഷമമായും ഉപയോഗിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡ്യൂട്ടി ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായി നൽകി വന്നിരുന്ന ഡ്യൂട്ടി സമ്പ്രദായം പരിഷ്കരിച്ച് ഓടിക്കുന്ന സമയത്തിന് അനുസരിച്ച് ജീവനക്കാർക്ക് ഡ്യൂട്ടി നൽകി ക്രമീകരണം 15.06.2017 മുതൽ ആരംഭിച്ചു. 1, 1 ½, 2, 2 ½, 3, 3 ½, 4 എന്നിങ്ങനെയാണ് ഡ്യൂട്ടികൾ ക്രമീകരിച്ചിരുന്നത്. എന്നാൽ ടി തീരുമാനത്തിനെതിരെ ചില തൊഴിലാളികളും, ചില തൊഴിലാളി സംഘടനകളും ബഹു.കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി നമ്പർ. 19476/17 സമർപ്പിച്ചിരുന്നതും, റിട്ട് ഹർജ്ജി തീരുമാനത്തിനെതിരെ അപ്പീൽ ഹർജ്ജി നമ്പർ. 1994/17 സമർപ്പിച്ചിരുന്നതുമാകുന്നു. ടി അപ്പീൽ ഹർജ്ജിയിലെ 12.12.2017-ലെ ഉത്തരവിനും, സർക്കാർ തീരുമാനത്തിനും അനുസരിച്ച് 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സിംഗിൾ ഡ്യൂട്ടി ക്രമം നടപ്പിലാക്കിയിട്ടുണ്ട്. പ്രാരംഭഘട്ടമായി ഓർഡിനറി സർവ്വീസുകളിൽ 09.09.2018 മുതൽ സിംഗിൾ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയിട്ടുള്ളതുമാണ്. 15.6.2017 മുതൽ 09.9.2018 വരെ 1, 1½ ഡ്യൂട്ടികൾ നിലവിലുണ്ടായിരുന്നു. ഈ സർക്കാർ അധികാര |
| (ബി) | സിംഗിൾ ഡ്യൂട്ടിസമയമായ 8 മണിക്കൂറുകൾക്ക് ശേഷമുള്ള സമയത്തിന് ലേബർ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അധികരിപ്പിച്ച വേതനമാണോ പ്രസ്തുത ജീവനക്കാർക്ക് നൽകിയിരുന്നത്; ഇല്ലെങ്കിൽ അവർക്ക നൽകേണ്ട തുക നൽകാതെ ഈ വകയിൽ കെ.എസ്.ആർ.ടി.സി. എന്ത് തുക നേടിയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ത്തിൽ വരുന്നതിന് മുമ്പ് താൽക്കാലിക ജീവനക്കാർക്ക് നൽകിയിരുന്ന വേതനം മാത്രമാണ് അധിക സമയം ചെയ്തു വന്നിരുന്ന ജോലിക്കും നൽകിവന്നിരുന്നത്. എന്നാൽ 15.06.17 മുതൽ ഓരോ ജീവനക്കാർക്കും അതാത് ജീവനക്കാരന്റെ ശമ്പളത്തിനുസരിച്ചുള്ള വേതനം ജോലിസമയത്തിന് ആനുപാതികമായി നൽകുന്നതിന് നടപടി സ്വീകരിച്ചു. എന്നാൽ നിലവിൽ സിംഗിൾ ഡ്യൂട്ടികളായി ക്രമീകരിച്ചിരിക്കുന്നതിനാൽ അധിക സമയം ജോലി ചെയ്യാൻ അവസരം നൽകാറില്ല. |
| (സി) | ഈ വിഭാഗങ്ങൾക്കല്ലാതെ ഏതെങ്കിലും മിനിസ്റ്റീരിയൽ സ്റ്റാഫുകൾക്ക് ഇത്തരത്തിൽ തുക നൽകുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | തൊഴിലാളികൾക്ക് നൽകേണ്ടിയിരുന്ന ഈ തുക തിരികെ നൽകാൻ ഗവൺമെന്റിന് ബാധ്യതയുണ്ടോ എന്നും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; എങ്കിൽ എന്തെങ്കിലും നടപടി ആയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | എ, ബി പിരിവുകളുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**